**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3998** **27-10-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പാടശേഖരങ്ങളിൽ വിളവുകൂടുകയാണെങ്കിൽ കൂടിയ നെല്ല് സംഭരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | നടപ്പുവർഷത്തെ നെല്ല് സംഭരണം ഊർജിതമാക്കുന്നതിന് നെല്ല് സംഭരണത്തിൽ വലിയ പ്രാതിനിധ്യമുള്ള പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് നെല്ല് സംഭരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 2021-22 സീസണിൽ ഇതുവരെ 54 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ടി ജില്ലയിലേയ്ക്ക് 20 പ്രൊക്യൂർമെൻറ് അസിസ്റ്റൻറുമാരെ താൽക്കാലികമായി നിയമിക്കുകയും കൃഷി വകുപ്പിൽ നിന്നും 20 കൃഷി അസിസ്റ്റൻറുമാരെ പ്രൊക്യൂർമെൻറ് അസിസ്റ്റൻറുമാരായി നിയമിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 2021-22 സീസണിലെ നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ നടപടികൾ 16.08.2021 മുതൽ തുടങ്ങുകയും നെല്ല് സംഭരണം 01.09.2021 തീയതി മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി പാടത്ത് കൊയ്ത്ത് ആരംഭിച്ചാൽ ഉടൻതന്നെ നെല്ല് സംഭരിക്കുന്നതിനുള്ള മിൽ അനുവദിക്കുകയും സംഭരണത്തിന് തയ്യാറായ നെല്ല് പരിശോധിച്ച് തൊട്ടടുത്ത ദിവസം തന്നെ സംഭരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കർഷകർക്ക് നെല്ല് നിറയ്ക്കുന്നതിനുള്ള ചാക്കുകൾ യഥാസമയം വിതരണം ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പാടശേഖരങ്ങളിൽ വിളവ് കൂടുകയാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകുന്ന |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന അധിക നെല്ല് സംഭരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ